**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3228** — **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി. പി. റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി റെയിൽവേ ഓവർ ബ്രിഡ്ജിലെ കേടായ സോളാർ ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്ത് പദ്ധതികളിലും മറ്റും ഉൾപ്പെടുത്തി ചെയ്യുന്നതിന് അനുമതി നൽകാൻ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട തെരുവ് വിളക്ക് അറ്റകുറ്റപണി കെ.എസ്.ഇ.ബി. മുഖാന്തിരം നടപ്പിലാക്കുന്നു. അല്ലാത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.എം.സി. വച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ